**കേരളസർക്കാർ**

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

**സർക്കുലർ**

നം.32/2013/ധന　　　　　　　　　　തീയതി, തിരുവനന്തപുരം, 26/03/2013

വിഷയം:- ധനകാര്യ വകുപ്പ് -നിയോജകമണ്ഡലം-ആസ്തി വികസന ഫണ്ട് -2012-13-ഭരണാനുമതി നൽകുന്നതിനുള്ള കാലപരിധിയിൽ ഇളവ് നൽകുന്നത് സംബന്ധിച്ച്

സൂചന:-
1. സ.ഉ(പി) 332/12/ധന തീയതി 11.6.2012
2. സ.ഉ.(പി) 337/12/ധന തീയതി 12.6.2012
3. സ.ഉ.(പി) 419/12/ധന തീയതി 26.7.12

2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ എം.എൽ.എ മാർക്കും അവരുടെ നിയോജകമണ്ഡലത്തിലെ 5 കോടി രൂപയുടെ മേജർ വർക്കുകൾ ഏറ്റെടുക്കുന്നതിനായി നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് രൂപീകരിക്കുകയും സൂചന ഉത്തരവ് പ്രകാരം ഇതിൻെറ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. ഇതു പ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് സഹിതം നിർദ്ദേശം ഭരണവകുപ്പിന് സമർപ്പിക്കേണ്ടതും ധനവകുപ്പിൻെറ അനുമതിയോടെ ഭരണാനുമതി നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി വികസന ഫണ്ടിൻെറ വിനിയോഗം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത് 2012 ജൂൺ മാസത്തിലാണ്. പിന്നീട് പ്രസ്തുത ഉത്തരവിന് രണ്ടു പ്രാവശ്യമായി ഭേദഗതി വരുത്തുകയുമുണ്ടായി. എം.എൽ.എ.മാർക്ക് തങ്ങളുടെ നിയോജകമണ്ഡലത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകാൻ അതിനു ശേഷമേ കഴിഞ്ഞുള്ളൂ. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വന്ന കാലതാമസം നിർദ്ദേശങ്ങൾ യഥാസമയം ഭരണാനുമതിക്കായി സർക്കാരിലേക്ക് അയയ്ക്കുന്നതിലും കാലതാമസമുണ്ടാക്കി. ഇതു കാരണം 2012-13 വർഷത്തിൽ അനുവദിച്ച 5 കോടി രൂപ മുഴുവനായും വിനിയോഗിക്കുന്നതിന് കഴിയാതെ വന്നതായി എം.എൽ.എ.മാർ അറിയിച്ചതിൻെറ അടിസ്ഥാനത്തിൽ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് 2012-13 വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലപരിധിയിൽ താഴെപ്പറയുന്ന ഇളവ് നൽകുന്നതാണ്.

1. എം.എൽ.എ.മാർ 2012-13 വർഷത്തിൽ നിർദ്ദേശിച്ചതും 2013 മാർച്ച് 31ന് മുമ്പ് ഭരണാനുമതി ലഭിക്കാതെയും വരുന്ന പ്രവൃത്തികൾ സാമ്പത്തിക വർഷത്തിൻെറ കാലപരിധി പരിഗണിക്കാതെ തന്നെ 2013-14 വർഷത്തിൽ ഭരണാനുമതി നൽകുന്നതാണ്.
2. 2013-14-ലേക്കുള്ള വിഹിതമായ 5 കോടി രൂപയ്ക്കുള്ള ഭരണാനുമതി 2013-14 ൽ പൂർത്തിയാക്കി നൽകുന്നതാണ്.

**വി.പി.ജോയി**
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

To

എല്ലാ എം.എൽ.എമാർക്കും
എല്ലാ വകുപ്പു സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പു തലവൻമാർക്കും
മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
പ്രതിപക്ഷ നേതാവിൻെറ പ്രൈവറ്റ് സെക്രട്ടറി
ധനമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറി
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (എഫ്.ആർ) -ൻെറ സി.എ
ട്രഷറി ഡയറക്ടർ
നോഡൽ ഓഫീസർ വെബ് സൈറ്റ്(ധനകാര്യം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫിസർ